കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി.13-38/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി.19.06.2019
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ 3-2, 3-5 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി13-38/2019 തീയതി:19.06.2019

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4)* , *1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21-05-2017 മുതൽ 30-11-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 05 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ,<br>ഡെപ്യൂട്ടി ഡയറക്ടർ |

.
.

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും<br>തസ്തിക വിവരവും |
|---|---|
| 10-12-2018 മുതൽ<br>19-12-2018 വരെ | ശ്രീ. ആർ രാജീവ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്)<br>ശ്രീ. വി.കെ.പുഷ്പരാജ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. കെ.ബി.സുനിൽ, ഓഡിറ്റർ<br>ശ്രീമതി. പി.കെ. ലേഖ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| ക്രമ നം | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി.വി.എ.സേതുലക്ഷ്മി | 01.04.2017-31.03.2018 |

2.സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ.പി.പി.ഉദയസിംഹൻ | 01.04.2017-26.12.2017 |
| 2 | ശ്രീ.ഷാജി.എസ് | 27.12.2017-21.01.2018 |
| 3 | ശ്രീ.പി.അജയകമാർ | 22.01.2018-31.03.2018 |

3.സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരുടെ പേര് വിവരം

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി.ലീലാമ്മ(വികസനകാര്യം) | 01.04.2017 – 31.03.2018 |
| 2 | ശ്രീ.പി.പി.സോമൻ (ക്ഷേമകാര്യം) | 01.04.2017 - 31.03.2018 |
| 3 | ശ്രീമതി.കെ.ജെ. മേരി<br>(ആരോഗ്യം-വിദ്യാഭ്യാസകാര്യം) | 01.04.2017 - 27.06.2017 |
| | ശ്രീമതി.റോസ്മേരി<br>(ആരോഗ്യം-വിദ്യാഭ്യാസകാര്യം) | 28.06.2017 - 31.03.2018 |
| 4 | ശ്രീ.ബാബു ആന്റണി (ധനകാര്യം) | 01.04.2017 - 31.03.2018 |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി.ധന്യ.ആർ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01.04.2017 – 31.03.2018 |
| 2 | ഡോ.മേർസജോസ്,<br>ആയുർവേദ ഡിസ്പെൻസറി | 01.04.2017- 31.03.2018 |
| 3 | മാത്യൂസ്.സി.എസ്,വി.ഇ.ഒ | 01.04.2017 – 25.07.2017 |
| 4 | സുജ.വി, വി.ഇ.ഒ,<br>തൈക്കൽ | 26.07.2017 to 31.03.2018 |
| 5 | രശ്മി പിള്ള, വി.ഇ.ഒ | 01.04.2017 – 30.10.2017 |
| 6 | വിലാസിനി.പി.സി,<br>വി.ഇ.ഒ, അർത്തുങ്കൽ | 31.10.2017 – 31.03.2018 |
| 7 | സ്മിത.റ്റി.എസ്, വി.ഇ.ഒ | 01.04.2017 – 28.06.2017 |
| 8 | പ്രശാന്ത്,വി.ഇ.ഒ | 29.06.2017 – 11.07.2017 |
| 9 | രശ്മി.പി,വി.ഇ.ഒ | 11.07.2017 – 26.07.2017 |
| 10 | സുജ,വി.ഇ.ഒ | 26.07.2017 – 31.10.2017 |
| 11 | അനിൽകുമാർ.കെ.എ,<br>വി.ഇ.ഒ, അരീപ്പറമ്പ് | 31.10.2017 – 31.03.2018 |
| 12 | കെ.ശ്രീകല, എച്ച്.എം | 01.04.2017 - 31.03.2018 |
| 13 | പി.സിനിമോൾ, ഡയറിഫാം ഇൻസ്ട്രക്ടർ | 01.04.2017 - 28.06.2017 |
| 14 | രശ്മി മാനവേൽ,ഡയറിഫാം ഇൻസ്ട്രക്ടർ | 29.06.2017 – 09.07.2017 |

| | | |
|---|---|---|
| 15 | സലീലാ.എം, ഡയറിഫാം ഇൻസ്റ്റക്ടർ | 10.07.2017 – 31.03.2018 |
| 16 | അനുരാജ്, ഫിഷറീസ് ഇൻസ്പെക്ടർ | 01.04.2017 – 31.03.2018 |
| 17 | പ്രസീജ. ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | 01.04.2017 – 31.03.2018 |
| 18 | ഡോ.മേരി ലിഷി.കെ.ജെ, വെറ്ററിനറി സർജൻ | 01.04.2017 – 31.03.2018 |
| 19 | അനൂപ്.എം.ഡി, കൃഷി ഓഫീസർ | 01.04.2017 - 01.05.2017 |
| 20 | സിനോ ജോസ്,കൃഷി ഓഫീസർ | 02.05.2017 -22.05.2017 |
| 21 | അനൂപ്.എം.ഡി,കൃഷി ഓഫീസർ | 22.05.2017 – 27.06.2017 |
| 22 | സ്വപ്ന.റ്റി.ആർ, കൃഷി ഓഫീസർ | 27.06.2017 - 10.07.2017 |
| 23 | സിനോ ജോസ്, കൃഷി ഓഫീസർ | 11.07.2017 – 28.10.2017 |
| 24 | റെജി.വി.വി,കൃഷി ഓഫീസർ | 29.10.2017 – 21.11.2017 |
| 25 | റോസ്മി ജോർജ്ജ്,കൃഷി ഓഫീസർ | 22.11.2017- 31.03.2018 |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| ഭാഗം – 1 | | |
| 1 | 1-1മുതൽ 1-12 വരെ | പൊതുഅവലോകനം |
| ഭാഗം – 2 | | |
| 2 | 2-1 | തനതു വരുമാനത്തിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു |
| 3 | 2-2 | തൊഴിൽ നികുതി ന്യൂനതകൾ |
| 4 | 2-3 | ഡി&ഒ ലൈസൻസ് അപാകതകൾ |
| ഭാഗം – 3 | | |
| 5 | 3-1 | ഐ.കെ.എം വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 6 | 3-2 | പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ |
| 7 | 3-3 | ജീവിത ശൈലീരോഗ നിയന്ത്രണം |
| 8 | 3-4 | പി.എച്ച്.സിയ്.ക്ക് കമ്പ്യൂട്ടർ, ഫർണീച്ചർ, ഫോട്ടോസ്റ്റാറ്റ് |
| 9 | 3-5 | ഹരിതകർമ്മ സേന |
| 10 | 3-6 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം പദ്ധതിയിലെ അപാകതകൾ |
| ഭാഗം – 4 | | |
| 11 | 4-1 മുതൽ 4-10 വരെ | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

| | | |
|---|---|---|
| 12 | അനുബന്ധം - I | ഓഡിറ്റ് സാക്ഷ്യപത്രം |
| 13 | അനുബന്ധം - II | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

| | |
|---|---|
| അംഗീകരിച്ച തീയതി | 09.03.2017 |
| തീരുമാനം. നം. | 1 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | 242655712 |
| ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെലവ് | 240497000 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.07.2018 | 14.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി/ജിഎ.4/1126(33)/2018/30.07.2018 | വിശേഷണങ്ങളോട് കൂടിയത് |

സർട്ടിഫിക്കറ്റിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 35358639 |
| വരവ് | 80658241 |
| ആകെ | 116016880 |
| ചെലവ് | 95676612 |

| | |
|---|---|
| നീക്കിയിരിപ്പ് | 20340268 |

## 1-5 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 24046000 | 24046000 | 23511805 | 534195 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 4565210 | 4565210 | 2932138 | 1633072 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 476806 | 476806 | 179200 | 297606 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 6266000 | 6266000 | 6266000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) | 0 | 5293000 | 5293000 | 3962911 | 1330089 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 11122348 | 11122348 | 11040970 | 81378 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 1410646 | 1410646 | 1089515 | 321131 |
| ടോട്ടൽ സാനിറ്റേഷൻ | 544572 | 20284 | 564856 | - | 564856 |
| റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 22619441 | 13746000 | 36365441 | 34144266 | 2221175 |
| റ്റി.എസ്.ബി (ജോയന്റ് വെഞ്ചർ) | 0 | 2889966 | 2889966 | 2889966 | nil |
| സാക്ഷരത | 27737 | 28434 | 56171 | 27400 | 28771 |
| ബി-ഫണ്ട് | 0 | 49660420 | 49660420 | 49660420 | 0 |
| ഡിസ്ട്രസ്സ് റിലീഫ് ഫണ്ട് | 82077 | 2132 | 84209 | 55750 | 28459 |
| ഇ-പേയ്മെന്റ് അക്കൗണ്ട് | 5324250 | 3544936 | 8869186 | 1827104 | 7042082 |
| എൻ.ആർ.ഇ.ജി.എസ് | 161682 | 1603761 | 1765443 | 1705479 | 59964 |
| തനത് ഫണ്ട് (SCB -1344) | 3740760 | 6419089 | 10159849 | 1643810 | 8516039 |
| തനത് ഫണ്ട് (ക്യാഷ്) | 561351 | 86831 | 648182 | 561351 | 86831 |
| തനത് ഫണ്ട് (DCB) | 2296769 | 1356482 | 3653251 | 1861160 | 1792091 |

## 1-6 പദ്ധതി അവലോകനം

| മേഖല | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|---|
| ഉത്പാദനം | 19 | 12932100 | 17 | 8278578 | 0 | 2 | 89.47 |
| സേവനം | 87 | 36990001 | 63 | 26454872 | 0 | 24 | 72.41 |
| പശ്ചാത്തലം | 50 | 23482314 | 45 | 20970507 | 0 | 5 | 90 |
| ആകെ | 156 | 73404415 | 125 | 55703957 | 21 | 31 | 80.13 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 161682 | 1603761 | 1765443 | 1705479 | 59964 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 57205153 | 57205153 | 57205153 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 330720 | 353 |
| കർഷകതൊഴിലാളി പെൻഷൻ | 6950400 | 593 |
| വിധവാപെൻഷൻ | 10464100 | 899 |
| വാർദ്ധക്യകാലപെൻഷൻ | 24074500 | 2250 |
| വികലാംഗപെൻഷൻ | 6185000 | 517 |
| 50 വയസ്സ് കഴിഞ്ഞവർക്ക് അവിവാഹിത പെൻഷൻ | 1535700 | 175 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 120000 | 04 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-12-2018 12.15 പി.എം ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1064/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾ ക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി ഫലപ്രദമായി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ പണം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഇല്ല. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. വളരെയധികം തപാലുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നതായി സൂചികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കിയില്ല. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

ആഭ്യന്തര നിയന്ത്രണം കുറ്റമറ്റ രീതിയിലാക്കുന്നതിന് ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.10.2018 | 09/2018 | 09/11/2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15/02/2016 | 2010-11 - 14-15 | 26/04/2016 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-ജിഎ.4/1126(33)/18-ാം നമ്പർ ആയി വാർഷിക കണക്ക് പരിശോധനാ റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനതു വരുമാനത്തിന് ഒന്നിലധികം അക്കൗണ്ടുകൾ സൂക്ഷിക്കുന്നു

തനതുവരുമാനം ട്രഷറി അക്കൗണ്ടിനു പുറമെ ദേശസാൽകൃതബാങ്കിലോ സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കണം. ഒന്നിൽക്കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തരുതെന്ന സർക്കുലർ 58725/എഫ്.എം.3.2008/ ത.സ്വ.ഭ.വ/26.5.11 ന് വിരുദ്ധമായി പഞ്ചായത്തിൽ താഴെപ്പറയുന്ന അക്കൗണ്ടുകളിലായി തനതുഫണ്ട് സൂക്ഷിക്കുന്നു.

1)ചേർത്തല സൗത്ത് കോ-ഓപ്പറേറ്റീവ് ബാങ്ക് – അക്കൗണ്ട് നം.8818

2)എസ്.ബി.ഐ, ചേർത്തല – അക്കൗണ്ട് നം.67287818657

3)ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്,ചേർത്തല – അക്കൗണ്ട് നം.40221001010353

ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം. 10/18.12.2018 നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

## 2-2 തൊഴിൽ നികുതി ന്യൂനതകൾ

2017-18 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് ഓഫീസിലെ എം.ജി.എൻ.ആർ.ഇ.ജി.എസ് ജീവനക്കാർ, ടെക്നിക്കൽ സ്റ്റാഫ്, കരാറുകാർ എന്നിവരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ അടവാക്കുകയോ ചെയ്തിട്ടില്ല. ഇവരുടെയെല്ലാം റിട്ടേണുകൾ ഇതു സംബന്ധിച്ച ഫയലിൽ ലഭ്യമല്ല.
2. മാവേലി സ്റ്റോർ അർത്തുങ്കൽ എന്ന സ്ഥാപനത്തിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.7/18.12.2018 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കാത്തവരിൽ നിന്നും പലിശസഹിതം ഈടാക്കി അടവാക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അപാകതകൾ

ഡി &ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2016-17-ൽ ലൈസൻസ് എടുത്തിട്ടുള്ള താഴെ പ്പറയുന്ന സ്ഥാപനങ്ങൾ 2017-18 – ൽ ലൈസൻസ് പുതുക്കിയതായി കാണുന്നില്ല.

| ക്രമ നം. | വിലാസം | സംരംഭം | മുൻവർഷം ഈടാക്കിയ ലൈസൻസ് ഫീസ് |
|---|---|---|---|
| 1 | രജീഷ്.എം.പി.ഹോംകെയർ ഇന്റർനാഷണൽ മായിത്തറ, XII/347 | കയർ ഉല്പ്പന്നങ്ങളുടെ ഓർഡർ സ്വീകരിക്കൽ | 2000 |
| 2 | ശ്രീകാന്ത്.എം.ടി,മൂന്നുങ്കൽ, ചേർത്തല, XV/168 | തടിമില്ല് | 300 |
| 3 | രാജു മാർഷൽ, അറയ്ക്കൽ, അർത്തുങ്കൽ, XIX/456 | തടിമില്ല് | 1000 |
| 4 | XX/255 | കള്ള് ഷാപ്പ് | 1000 |

ഓഡിറ്റ് എൻക്വയറി നം.8/18.12.2018 ന് നൽകിയ വിശദീകരണം പ്രകാരം മറ്റ് സ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഐ.കെ.എം വിഹിതം അടവാക്കൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്റ്റ് നം. : S0001/18

അടങ്കൽ : 75,000/-

ചെലവ് : 75,000/-

ബിൽ നം. 5/17-18/30-06-2017

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 75000/- രൂപ ഐ.കെ.എം വിഹിതമായി അടവാക്കിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് ഫയലിനൊപ്പം ഹാജരാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (1) നൽകിയ മറുപടിയിൽ വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലായെന്നും ആയത് ലഭിക്കുവാൻ ആവശ്യമായ നടപടികൾ എടുക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 പഞ്ചായത്ത് ഓഫീസിലേയ്ക്ക് ജനറേറ്റർ വാങ്ങൽ

പ്രോജക്റ്റ് നം. S0078/17

സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ ജനറേറ്റർ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിക്കുകയും, തുടർന്ന് ഗംഗോത്രി മാർക്കറ്റിംഗ്, മരുത്തോർവട്ടം എന്ന സ്ഥാപനത്തിൽ നിന്നും ഹിമൽസാ മേക്ക് 6 കെവി പെട്രോൾ ജനറേറ്റർ 166375/- രൂപ നിരക്കിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. എന്നാൽ ടി ജനറേറ്ററിന്റെ പണം നൽകിയതായി ചെലവു രേഖകളിൽ കാണുന്നില്ല. ഇതിന്മേൽ വിശദീകരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് അന്വേഷണം - 2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അതിൽ ഓഡിറ്റ് ഉന്നയിച്ച എല്ലാ സംശയങ്ങൾക്കും മറുപടി ലഭിച്ചിട്ടില്ല. ജനറേറ്റർ ഇപ്പോഴും പഞ്ചായത്തിന്റെ അധീനതയിലുണ്ടെന്നും, എന്നാൽ അത് പ്രവർത്തിപ്പിക്കുന്നില്ലായെന്നും മാത്രം മറുപടി നല്കിയിട്ടുണ്ട്.

ഫയൽ പരിശോധിച്ചതിൽ 03/03/17 ലാണ് പഞ്ചായത്ത് ജനറേറ്ററിനായി ടി സ്ഥാപനത്തിന് സപ്ലൈ ഓർഡർ നൽകുന്നത്. ജനറേറ്റർ ഇൻസ്റ്റാൾ ചെയ്തശേഷം 22/05/17 ലാണ് ഇതൊരു ഐ.എസ്.ഐ നിലവാരമില്ലാത്ത ഉപകരണമാണെന്ന് കാണിച്ച് ഗംഗോത്രി മാർക്കറ്റിംഗിന് പഞ്ചായത്ത് കത്ത് നൽകുന്നത്. ഇത് നിഷേധിച്ച് 17/07/17 -ൽ സ്ഥാപന ഉടമ മറുപടിയും നൽകിയിട്ടുണ്ട്. ഇതല്ലാതെ മറ്റൊരു നടപടികളും ഇതിന്മേൽ ഉണ്ടായിട്ടില്ല. സ്ഥാപനത്തിന് ഇന്നേവരെ പണവും നൽകിയിട്ടില്ല. ഉപയോഗരഹിതമായി ജനറേറ്റർ ഇപ്പോഴും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്നു.

ഐ.എസ്.ഐ നിലവാരത്തിലുള്ള, വിപണിമൂല്യമുള്ള കമ്പനി ഉൽപ്പന്നങ്ങൾ ധാരാളം ലഭ്യമാകുമെന്നിരിക്കെ, മാർക്കറ്റിൽ യാതൊരുവിധ പ്രചാരവുമില്ലാത്ത ഐ.എസ്.ഐ മുദ്രണമില്ലാത്ത ഉൽപ്പന്നം അതും പെട്രോളിൽ പ്രവർത്തിക്കുന്നത് വാങ്ങുവാനുള്ള പഞ്ചായത്തിന്റെ തീരുമാനം ന്യായീകരിക്കത്തക്കതല്ല. വിഷയം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 ജീവിത ശൈലീരോഗ നിയന്ത്രണം

പ്രോജക്റ്റ് നം. : S0139/18

അടങ്കൽ : 75,000/-

ചെലവ് : 75,000/-

ബിൽ നം. 4/17-18/27-02-2018

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി 75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ തുകയ്ക്ക് നീതി സ്റ്റോറിൽ നിന്നും ലോക്കൽ പർച്ചേസിലൂടെ മരുന്നു വാങ്ങി എന്നതൊഴിച്ചാൽ മറ്റൊരു പ്രവർത്തനവും നടത്തിയതായി രേഖകൾ ഇല്ല. മാത്രമല്ല മരുന്നുകൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. എന്താണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളതെന്നും അവയൊക്കെ നടപ്പിലാക്കുവാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ആരാഞ്ഞ് ഓഡിറ്റ് അന്വേഷണം - 5 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 പി.എച്ച്.സിയ്.ക്ക് കമ്പ്യൂട്ടർ, ഫർണീച്ചർ, ഫോട്ടോസ്റ്റാറ്റ്

പ്രോജക്റ്റ് നം. : S0145/18

അടങ്കൽ : 3,63,,000/-

ചെലവ് : 2,33,500/-

ബിൽ നം. 3/17-18/06-01-2018

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ഈ പദ്ധതിയ്ക്കായി 2,33,500/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിനായി രണ്ട് ടെൻഡറുകൾ ലഭിച്ചതിൽ കുറഞ്ഞ തുക, 2,68,800/- രൂപ ക്വാട്ട് ചെയ്ത ആർ.ജെ എന്റർപ്രൈസസിന് ടെൻഡർ അംഗീകരിച്ചു. പിന്നീട് നെഗോഷ്യേറ്റ് ചെയ്ത് തുക 2,33,500/- രൂപയായി കുറച്ചു. എന്നാൽ ടെൻഡർ ക്ഷണിച്ചപ്പോൾ അതിൽ പറയാതിരുന്ന പ്രിന്ററുകൾ അടക്കം പല ഉപകരണങ്ങളും ബിൽ പ്രകാരം വാങ്ങിയിട്ടുണ്ട്. ഇലക്ട്രോണിക് ഉപകരണങ്ങളടക്കമുള്ളവയുടെ വാറന്റിയുടെ കാര്യങ്ങളിലും കൃത്യത പാലിച്ചതായി കാണുന്നില്ല. ടെൻഡറിലേയും, ബിൽ പ്രകാരം വാങ്ങിയ സാധനങ്ങളും തമ്മിലുള്ള വ്യത്യാസങ്ങളുടെ വിശദാംശങ്ങൾ ചുവടെ.

| ക്രമ നം. | ടെൻഡർ പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങൾ | ബിൽ പ്രകാരം വാങ്ങിയവ |
|---|---|---|
| 1. | സാധാരണ കസേര (4എണ്ണം) | എക്സിക്യൂട്ടീവ് ചെയർ (6 എണ്ണം) |
| 2. | മേശ (2എണ്ണം) | മേശ (1എണ്ണം) |
| 3. | അലമാര (2എണ്ണം) | അലമാര (1എണ്ണം) |
| 4. | ആവശ്യപ്പെട്ടിരുന്നില്ല | ബ്രദർ പ്രിന്റർ, (8199/-രൂ) |
| 5. | ആവശ്യപ്പെട്ടിരുന്നില്ല | സ്റ്റെബിലൈസർ |
| 6. | ഫോട്ടോസ്റ്റാറ്റ് മിഷ്യൻ വാറന്റി (3 വർഷം) | കരാറിൽ വാറന്റിയെക്കുറിച്ച് സൂചനയില്ല. KYOCERA2200യ്ക്ക് കമ്പനി നൽകുന്ന വാറന്റി ഒരു വർഷത്തേയ്ക്ക് മാത്രം. ബില്ലിൽ 3 വർഷമെന്ന് കാണിച്ചിട്ടുണ്ട്. |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം - 6 ന് മറുപടി നൽകിയിട്ടില്ല. വാങ്ങലിൽ പർച്ചേസ് കമ്മറ്റിയുടെ ഇടപെടൽ വ്യക്തമല്ല. ഈ സാഹചര്യത്തിൽ മേൽ വാങ്ങൽ നടപടിയിലുള്ള വീഴ്ച സംബന്ധിച്ച് കൂടുതൽ അന്വേഷണം നടത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-5 ഹരിതകർമ്മ സേന

പ്രോജക്റ്റ് നം. : S0170/18

അടങ്കൽ : 5,00,000/-

ചെലവ് : 4,97,358/-

ഹരിത കേരള മിഷൻ പദ്ധതിയുടെ നിർദ്ദേശമനുസരിച്ച് പഞ്ചായത്ത് തലത്തിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മസേനയ്ക്ക് പഞ്ചായത്ത് രൂപം നൽകിയിട്ടുണ്ട്. സെക്രട്ടറി നിർവ്വഹണം നടത്തിയ ഈ പദ്ധതിയിൽ 25 വനിതകൾക്ക് നിയമനം നൽകിയതായി കാണുന്നു. 2018 ഫെബ്രുവരി വരെ അവർക്ക് 5000/- രൂപ പ്രകാരം ശമ്പളവും നൽകിയിട്ടുണ്ട്. മറ്റ് വിവരങ്ങളൊന്നും ഫയലിൽ ലഭ്യമല്ല. നിലവിൽ ഈ പദ്ധതിയുടെ അവസ്ഥ വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം -11 ന് നൽകിയ മറുപടിയിൽ ഹരിത കർമ്മസേന ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറയുന്നു. ജൈവ അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന്റെ യൂസർ ഫീസായി വീടുകളിൽ നിന്നും 20/- രൂപയും കടകളിൽ നിന്നും 50/- രൂപയും ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനായി ഒരു കെട്ടിടവും പഞ്ചായത്ത് നിർമ്മിച്ചിട്ടുണ്ട്. ഹരിത

കർമ്മസേനയുടെ നടത്തിപ്പിനായി തുടങ്ങിയ ജോയിന്റ് അക്കൗണ്ടിൽ 27/11/2018 വരെ 64541/- രൂപ നീക്കിയിരുപ്പ് കാണിക്കുന്നുണ്ട്. നല്ല രീതിയിൽ പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുമ്പോഴും ഓഡിറ്റ് തീയതി വരെ 5 മാസത്തെ വേതനം ഹരിത കർമ്മസേനയ്ക്ക് കുടിശ്ശികയുള്ളതായി കാണുന്നു. യൂസർ ഫീ കൃത്യമായി പിരിഞ്ഞു കിട്ടുന്നില്ല. ഇതിനിടയിൽ സേനയുടെ അംഗബലം 16 ആയി കുറയുകയും ചെയ്തിട്ടുണ്ട്. പ്ലാസ്റ്റിക് മാലിന്യങ്ങൾ കൃത്യമായ ഇടവേളകളിൽ മാറ്റപ്പെടുന്നില്ല. യാതൊരു പഠനവും, മുന്നൊരുക്കങ്ങളും ഇല്ലാതെ ആരംഭിച്ച സേനയുടെ പ്രവർത്തനം നിലവിൽ മന്ദീഭവിച്ച നിലയിലാണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും, ഭരണ സമിതിയുടെയും അടിയന്തിര ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണ വിതരണം പദ്ധതിയിലെ അപാകതകൾ

ഗവ.എൽ.പി.സ്കൂൾ ചേർത്തല നോർത്ത്, ഹെഡ്മാസ്റ്റർ നടപ്പിലാക്കിയ പഠനോപകരണ വിതരണം (പ്രോജക്ട് നം .S00 23/18, ബിൽ നം. 1/20.6.2017 തുക-51000/) - പദ്ധതി പ്രകാരം 27 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയതിന്റെ രേഖകൾ ആണ് ഇത് സംബന്ധിച്ച ഫയലിൽ ലഭ്യമായിട്ടുള്ളത്. താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) താഴെപ്പയുന്ന വിദ്യാർത്ഥികളുടെ സ്കൂൾ സർട്ടിഫിക്കറ്റുകൾ ഹാജാക്കിയിട്ടില്ല.

| ക്രമ നം. | അപേക്ഷകന്റെ/ വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | പ്രകാശൻ/പ്രവീൺ (ക്രമ നം.8) |
| 2 | ഗോപി/ആദിത്യൻ(ക്രമ നം.10) |
| 3 | മനോജ് /അമൽ മനോജ്(ക്രമ നം.13) |
| 4 | കുമാരി/ശ്രീലക്ഷ്മി.എസ്(ക്രമ നം.16) |
| 5 | ബിന്ദു /അനന്തകൃഷ്ണൻ(ക്രമ നം.17) |
| 6 | സരിത /വിസ്മയാദേവി(ക്രമ നം.19) |
| 7 | ഹരിദാസ് /പാർവ്വതി.എച്ച്(ക്രമ നം.26) |

2) 51000/- രൂപയുടെ വിവിധ പഠനോപകരണങ്ങൾ വാങ്ങിയതിന് 27പേർ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടുണ്ടെങ്കിലും കൈപ്പറ്റിയ പഠനോപകരണങ്ങൾ എന്തൊക്കെയാണെന്ന് രേഖപ്പെടുത്തിയിട്ടില്ല. കുട, ബാഗ്, ചെരുപ്പ്, യൂണിഫോം, നോട്ട്ബുക്ക്, പെൻസിൽ ബോക്സ് എന്നിവ സ്റ്റോക്കിലെടുത്തതിന്റെയും രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3) ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.9/18.12.2018 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ശരിയായ രേഖകൾ ഹാജരാക്കുന്ന ഗുണഭോക്താക്കൾക്ക് മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 375000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 468520 | നെൽകൃഷിയ്ക്ക് കൂലിചെലവ് സബ്സിഡി | 468520 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | ലൈൻ എക്സ്റ്റൻഷൻ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 500000 | മിൽക്ക് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 171446 | പച്ചക്കറിയ്ക്ക് കൂലിചെലവ് സബ്സിഡി | 171446 | 0 |
| ജില്ലാപഞ്ചായത്ത് | 375000 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 375000 | 0 |
| ജില്ലാപഞ്ചായത്ത് | 500000 | മിൽക്ക് സബ്സിഡി | 500000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ളത് |
|---|---|---|---|---|
| KSEB | വൈദ്യുത ലൈൻ നീട്ടൽ | 1183000 | 0 | 1183000 |
| KSEB | അംബേദ്കർ കോളനി-തൈക്കൽ പാലം പാലത്തിങ്കൽ റോഡ് സ്ട്രീറ്റ് ലൈൻ വലിക്കൽ | 218000 | 0 | 218000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവിന്റെ വിവരം

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2008/09 | 3-5,3-8 | 10363 | അനിൽ ബാബു,തെക്കേ മഠം | 117020103168/ 25/11/17 |
| 2008/09 | 3-5,3-8 | 10363 | പി.പങ്കജാക്ഷപിള്ള,ശാസ്ത വിലാസം | 117020104854/ 03/01/2018 |
| | ആകെ | 20726 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം ഖണ്ഡിക നം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 25 | 2003-04 | ഉഴവ് യന്ത്രം വാടക സംബന്ധിച്ച് | പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്ക ണമെന്ന് കാണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു |
| 2000-01 | 45(2) | 2003-04 | പമ്പ് സെറ്റ് വിതരണം | പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്ക ണമെന്ന് കാണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു |
| 2000-01 | 47 | 2003-04 | കുഴൽകിണർ വിതരണം | പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്ക ണമെന്ന് കാണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു |
| 2000-01 | 33 | 2003-04 | വനിതകളുടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് | പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം പരാമർശം ഒഴിവാക്ക ണമെന്ന് കാണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു |
| 2000-01 | 28 | 2003-04 | വോട്ടോർപട്ടിക | പഞ്ചായത്ത് കമ്മറ്റി തീരുമാനപ്രകാരം |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കിയതിന് അധികചെലവ് | പരാമർശം ഒഴിവാക്കണമെന്ന് കാണിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട് കമ്മറ്റിയോട് അഭ്യർത്ഥിച്ച് കത്ത് അയച്ചു |

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആൾ | സർച്ചാർജ്ജ് സർട്ടിഫിക്കറ്റിന്റെ വിവരം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| 1 | 2008-2009 | 3-5,3-8 | 10363 | വിൻസെന്റ് ജോസഫ്, ചെത്തേക്കാരൻപുരയ്ക്കൽ, തൈക്കൽ | KSA/7522/ Spl.Cell/CSC /B3/2014 dtd.25.10.2017 | |
| 2 | 2008-2009 | 3-5,3-8 | 10363 | കെ.എസ്.ഗബ്രിയേൽ, കടവുങ്കൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/CSC /B3/2014 dtd.25.10.2017 | |
| 3 | 2008-2009 | 3-5,3-8 | 10363 | ലൂസിചാൾസ്, വലിയപറമ്പിൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/CSC /B3/2014 dtd.25.10.2017 | |
| 4 | 2008-2009 | 3-5,3-8 | 10363 | ശങ്കരൻകുട്ടി, മുത്തുങ്കൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/CSC/ B3/2014 dtd.25.10.2017 | |
| 5 | 2008-2009 | 3-5,3-8 | 10363 | കെ.വി.തിലകൻ, കോമ്പാലശ്ശേരിൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/ CSC/B3/2014 dtd.25.10.2017 | |
| 6 | 2008-2009 | 3-5,3-8 | 10363 | ഗിരിജ പുരുഷൻ, വട്ടിക്കാട്ടുചിറ, ചേർത്തല തെക്ക്.പി.ഒ | KSA/7522/ Spl.Cell/CSC/ B3/2014 dtd.25.10.2017 | |
| 7 | 2008-2009 | 3-5,3-8 | 10363 | ജോസഫ് ഗ്രിഗറി, മൂപ്പശ്ശേരിൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/CSC/ B3/2014 dtd.25.10.2017 | |

| | | | | | | |
|---|---|---|---|---|---|---|
| 8 | 2008-2009 | 3-5,3-8 | 10363 | അനിൽബാബു, തെക്കേമഠത്തിൽ, അർത്തുങ്കൽ.പി.ഒ | KSA/7522/ Spl.Cell/CSC/ B3/2014 dtd.25.10.2017 | തുക അടച്ചു. രസീത് നം.117020103168/ 25.11.2017 |
| 9 | 2008-2009 | 3-5,3-8 | 10363 | പി.എസ്.വേണുഗോപാൽ സരോജമംഗളം, മായിത്തറ.പി.ഒ | KSA/7522/ Spl.Cell/CSC /B3/2014 dtd.25.10.2017 | |
| 10 | 2008-2009 | 3-5,3-8 | 10363 | അജിത്ത്കുമാർ.പി.കെ, പുന്നേപറമ്പിൽ, അർത്തുങ്കൽ.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 11 | 2008-2009 | 3-5,3-8 | 10363 | സി.എം.ചന്ദ്രബോസ്, ചിറയിൽവീട്, കുറുപ്പംകുളങ്ങര.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 12 | 2008-2009 | 3-5,3-8 | 10363 | വിദ്യാറാണി, പാറേമഠത്തിൽ കുറുപ്പംകുളങ്ങര.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 13 | 2008-2009 | 3-5,3-8 | 10363 | ശ്രീദേവി സുരേന്ദ്രൻ, വാണിയൻപറമ്പിൽ, കുറുപ്പംകുളങ്ങര.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 14 | 2008-2009 | 3-5,3-8 | 10363 | പി.പങ്കജാക്ഷൻപിള്ള, (സെക്രട്ടറി)ശാസ്ത്രവിലാസം, സി.എം.സി.17, ചേർത്തല.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | 10363/- തുക അടച്ചു (117020104854,dtd.03.01.2018) |
| 15 | 2008-2009 | 3-5,3-8 | 613 | ശ്രീമതി.ലീലാമ്മ, ആന്റെണി മേച്ചേരിയിൽ അർത്തുങ്കൽ.പി.ഓ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | 613/- തുക അടച്ചു (118020101783, dtd.13.08.2018) |
| 16 | 2008-2009 | 3-5,3-8 | 613 | ആർ.ബെൻസിലാൽ, തെക്കേച്ചിറ, മായിത്തറ.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |

| | | | | | | |
|---|---|---|---|---|---|---|
| 17 | 2008-2009 | 3-5,3-8 | 613 | ശ്രീമതി.സുധർമ്മണി തമ്പാൻ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 18 | 2008-2009 | 3-5,3-8 | 613 | ജോസ്ബെന്നറ്റ്, പള്ളിക്കത്തയ്യിൽ, അർത്തുങ്കൽ.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | 613/- തുക അടച്ചു (118020100112, dtd.12.04.2018) |
| 19 | 2008-2009 | 3-5,3-8 | 613 | ബാബുആന്റണി ഇലഞ്ഞിക്കൽ, അർത്തുങ്കൽ.പി.ഒ | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | 613/- തുക അടച്ചു (118020102222, dtd.29.09.2018) |
| 20 | 2008-2009 | 3-5,3-8 | 613 | റ്റി.റ്റി.സതീശൻ, തൈക്കണ്ടത്തിൽ, കുറുപ്പംകുളങ്ങര.പി.ഒ, ചേർത്തലതെക്ക് | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |
| 21 | 2008-2009 | 3-5,3-8 | 613 | ജോൺബോസ്കോ തെക്കേതയ്യിൽ, സി.എം.സി.19, ചേർത്തല | KSA/7522 /Spl.Cell /CSC/B3/2014 dtd.25.10.2017 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 80658241 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 95676612 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 150000 |

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആൾ |
|---|---|---|

| | | |
|---|---|---|
| 3-1 | 75000 | ശ്രീ.പി.പി.ഉദയസിംഹൻ, സെക്രട്ടറി |
| 3-3 | 75000 | ഡോ.സിമിലാൽ,മെഡിക്കൽ ഓഫീസർ പി.എച്ച്.സി |
| ആകെ | 150000 | |

(സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.പി.ഉദയസിംഹൻ, സെക്രട്ടറി | ജില്ലാ കോ-ഓർഡിനേറ്റർ ലൈഫ് മിഷൻ | പൊറ്റയിൽ, വാരണം.പി.ഒ |
| ഡോ.സിമിലാൽ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | അവധിയിൽ | കൊല്ലംപറമ്പിൽ, ഒഴത്തിൽ ലൈൻ,നാഗമ്പടം, കോട്ടയം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 & 2003-04 | എൽ.എഫ്.ജി.എ5-1832/11/20.1.12 |
| 2004-05 & 2005-06 | എൽ.എഫ്.ജി.എ5-161/13/9.9.13 |
| 2006-07 | എൽ.എഫ്.എ.പി5-1292/10/10.10.12 |
| 2007-08 | എൽ.എഫ്.എ.പി5-1293/10/19.3.13 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി5-1661/13/12.3.14 |
| 2010-11& 2011-12 | എൽ.എഫ്.എ.പി5-986/14/11.9.14 |

| | |
|---|---|
| 2012-13 | എൽ.എഫ്.എ.പി5-478/14/17.1.15/9.2.15 |
| 2013-14 | എൽ.എഫ്.എ.പി5-411/16/29.4.16/5.5.16 |
| 2014-15 | എസ്.എ-എ.എൽ.പി/പി5-773/2016 തീയതി.08.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി5-1309/2016 തീയതി. 21.11.2016 |
| 2016-17 | കെ.എസ്.എ.എ.എൽ.പി/പി.13/653/17 തീയതി.06.06.2017 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - I

കെ.എസ്.എ-എ.എൽ.പി./ജി.എ4-1126(33)/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
ആലപ്പുഴ-688011,
ഫോൺ: 0477 2252753
email: ddhglfalpy@gmail.com
തീയതി: 30.07.2018

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - II

| | | |
|---|---|---|
| 1. | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2. | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3. | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ആലപ്പുഴ